ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിൽ 60 പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ മേഖലയിൽ 12 സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയിൽ 15 എണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു. അവയുടെ പേരുവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. †

(ബി & സി) വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. †

(ഡി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ് ലിമിറ്റഡ്, മെട്രോപൊളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, കെൽട്രോൺ റെക്ടിഫയേഴ്സ് ലിമിറ്റഡ്, സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽസ് കോർപ്പറേഷന്റെ കീഴിലുള്ള മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ് ലിമിറ്റഡ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ്, കേരള സിറാമിക്സിന്റെ പോർസലൈൻ ഡിവിഷൻ എന്നിവയുടെ പ്രവർത്തനം നിറുത്തിവച്ചിട്ടുണ്ട്.

(ഇ) വ്യവസായ വകുപ്പിന് കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങളൊന്നും തുടങ്ങിയിട്ടില്ല.

മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിന് പകരം സ്ഥാപനം ആരംഭിക്കാൻ നടപടി

6 [938] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജക മണ്ഡലത്തിലെ മാവൂർ ഗ്രാസിം ഇൻഡസ്ട്രീസ് അടച്ചുപൂട്ടിയത് കാരണം കോഴിക്കോട് ജില്ലയിലെ സമ്പദ് വ്യവസ്ഥ മന്ദീഭവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനൊരു പരിഹാരമായി അന്തരീക്ഷ മലിനീകരണമില്ലാതെ നിലവിലുള്ള ഭൗതിക സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ഇവിടെ മറ്റൊരു സ്ഥാപനം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ :

(സി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി സർക്കാർ സ്വീകരിച്ച നടപടികളെന്തെല്ലാം ;

(ഡി) മറ്റൊരു ഫാക്ടറി നിലവിൽ വന്നാൽ എന്തെല്ലാം പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) സർക്കാർ നേരിട്ട് വ്യവസായ സ്ഥാപനം തുടങ്ങുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ സർക്കാരിന് തിരിച്ചെടുക്കാവുന്ന സ്ഥലം തിരിച്ചെടുക്കുന്നതിന്റെ നിയമപരവും സാമ്പത്തികവുമായ വശങ്ങൾ പരിശോധിച്ച് വരുന്നു. മാവൂർ ഗ്രാസിം ഇൻഡസ്ട്രീസിനുള്ള സ്ഥലത്ത് അനുയോജ്യമായ ഒരു വ്യവസായം സ്ഥാപിക്കണമെന്ന കാര്യം പരിഗണിക്കുവാനായി മുഖ്യമന്ത്രി ബിർള മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly